# കേരളസർവകലാശാല

നം.പി.ആർ.130/2022

## പത്രക്കുറിപ്പ്

### എം.ബി.എ. (ജനറൽ), എം.ബി.എ. (ടൂറിസം) – ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇന്റർവ്യൂ

കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ.), സി.എസ്.എസ്. സ്കീമിൽ എം.ബി.എ. (ജനറൽ), എം.ബി.എ. (ടൂറിസം) കോഴ്സുകളിലേക്ക് 2022 – 23 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനായി അപേക്ഷ സ്വീകരിക്കുന്ന തീയതി ജൂൺ 20 വരെ നീട്ടിയിരുന്നു. അന്നേ ദിവസം വരെ അപേക്ഷ സമർപ്പിച്ച യോഗ്യരായ എല്ലാ പ്രവേശനാർത്ഥികളും ജൂൺ 27, 28 എന്നീ തീയതികളിലായി പുനഃക്രമീകരിച്ചിരിക്കുന്ന ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇന്റർവ്യൂ എന്നിവയ്ക്ക് ഹാജരാകേണ്ടതാണ്. പുതുക്കിയ വിജ്ഞാപനത്തിന് സർവകലാശാലയുടെ അഡ്മിഷൻ പോർട്ടൽ (www.admission.keralauniversity.ac.in) സന്ദർശിക്കുക.

### പ്രാക്ടിക്കൽ/വൈവ

കേരളസർവകലാശാല ജനുവരിയിൽ നടത്തിയ നാല്, മൂന്ന്, രണ്ട് വർഷ ബി.ഫാം. (അഡീഷണൽ ചാൻസ്) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും യഥാക്രമം ജൂലൈ 1, 4, 6 എന്നീ തീയതികൾ മുതൽ തിരുവനന്തപുരം ഗവ.മെഡിക്കൽ കോളേജിലെ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. ബയോടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 23 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
22.06.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity
website: www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**